**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വി.എൻ.പബ്ലിക് ഹെൽത്ത് & എഡ്യൂക്കേഷൻ ട്രസ്റ്റ് സെക്രട്ടറി ഫയൽ ചെയ്ത WP(C)No.17385/2019 എന്ന കേസിൽ 26.06.2019 ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.1196/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം:23/06/2021

---

പരാമർശം:- 1) ബഹു.ഹൈക്കോടതിയുടെ 03.03.2018 ലെ 6518/19 നമ്പർ വിധിന്യായം.

2) വി.എൻ.പബ്ലിക് ഹെൽത്ത് & എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ സെക്രട്ടറി 19.12.2018 ൽ സമർപ്പിച്ച അപേക്ഷ (Ext.P6)

3) ബഹു.ഹൈക്കോടതിയുടെ 26.06.2019 ലെ WP(C)No.17385/2019 നമ്പർ വിധിന്യായം.

**<u>ഉത്തരവ്</u>**

പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വാളയാറിൽ പ്രവർത്തിച്ചുവരുന്ന വി.എൻ.പബ്ലിക് ഹെൽത്ത് & എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച പരാമർശം(2) അപേക്ഷയിൽ സ്ഥാപനത്തിന്റെ ഉപയോഗിക്കാത്ത ആശുപത്രി, കോളേജ് കെട്ടിടങ്ങൾ എന്നിവയ്ക്ക് വേക്കൻസി റെമിഷൻ അനുവദിക്കണമെന്നും കെട്ടിടനികുതി, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി. ഇതേ ആവശ്യം ഉന്നയിച്ച് സ്ഥാപന സെക്രട്ടറി ബഹു.ഹൈക്കോടതിൽ WP(C)No.17385/2019 എന്ന കേസ് ഫയൽ ചെയ്യുകയും കേസിൽ 26.06.2019-ൽ പുറപ്പെടുവിച്ച പരാമർശം(3) വിധിന്യായത്തിൽ Ext.P6 അപേക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷകനെ നേരിൽ കേൾക്കുന്നതിന് ഉത്തരവാകുകയുണ്ടായി.

(2) പരാമർശം(3)ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ(ആർ.സി)വകുപ്പ് അണ്ടർ സെക്രട്ടറി അപേക്ഷകനെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും നേരിൽ കേൾക്കുകയുണ്ടായി.

(3) വി.എൻ.പബ്ലിക് ഹെൽത്ത് & എഡ്യൂക്കേഷൻ ട്രസ്റ്റ് എന്ന പേരിൽ 9/877 മുതൽ 9/894 വരെ 18 കെട്ടിട നമ്പർ ഉണ്ട്. പ്രസ്തുത സ്ഥാപനത്തിന് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ / സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ 2009-10 വർഷം അനുവദിച്ചിരുന്നു. പിന്നീട് 2011/12 വർഷം പുതുക്കി നൽകിയിരുന്നു. അതിനുശേഷം സ്ഥാപനം പൂട്ടിക്കിടക്കുകയായിരുന്നതിനാൽ പഞ്ചായത്തിൽ ലൈസൻസിന് അപേക്ഷിക്കുകയോ പഞ്ചായത്തിൽ നിന്നും ലൈസൻസ് പുതുക്കി നൽകുകയോ ചെയ്തിട്ടില്ല . 2012/13 വർഷം മുതൽ കുടിശ്ശിക വസ്തു നികുതി നിലനിൽക്കുന്നുണ്ടായിരുന്നു . നിയമാനുസൃത വസ്തു നികുതി, കുടിശ്ശിക സഹിതം വന്നതിനാൽ 2012/13 മുതൽ 2018/19 വരെ നികുതി ഇനത്തിൽ 48,57,674/- (നാൽപ്പത്തെട്ടുലക്ഷത്തി അൻപത്തേഴായിരത്തി അറുന്നൂറ്റി എഴുപത്തിനാലു രൂപ മാത്രം) പലിശ ഇനത്തിൽ 16,84,394/- (പതിനാറുലക്ഷത്തി എൺപത്തിനാലായിരത്തി മുന്നൂറ്റിത്തൊണ്ണൂറ്റി നാലു രൂപ മാത്രം) ചേർത്ത് ആകെ 65,42,068/- (അറുപത്തിയഞ്ചു

ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി അറുപത്തിയെട്ട് രൂപ മാത്രം) യഥാസമയം അടവാക്കാത്തതിനാൽ 9/3/2019 തീയതി ഓൺലൈനായി റവന്യൂ റിക്കവറിക്ക് നോട്ടീസ് നൽകിയിരുന്നു. ആയതിനെതിരായി സ്ഥാപനം ബഹു. ഹൈക്കോടതി മുൻപാകെ കേസ് ഫയൽ ചെയ്യുകയും ആതിന്റെ അടിസ്ഥാനത്തിൽ 3.05.2019 ലെ ബഹു.ഹൈക്കോടതി W.P.(C)No.6518/19 പ്രകാരം 48,57,674/- (നാൽപ്പത്തെട്ടുലക്ഷത്തി അൻപത്തേഴായിരത്തി അറുന്നൂറ്റി എഴുപത്തിനാല് രൂപ മാത്രം) പഞ്ചായത്തിൽ അടവാക്കുന്ന മുറയ്ക്ക് സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുന്നതിനും ബാക്കി കുടിശ്ശികയുടെ കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കേണ്ടതാണെന്നും പരാമർശം(1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിരുന്നു. അതിൽ തീരുമാനമാകാത്തതിനെത്തുടർന്നാണ് പ്രസ്തുത സ്ഥാപനം WP(C)No.17385/2019 നമ്പർ കേസ് ഫയൽ ചെയ്തതെന്നും അപേക്ഷകൻ അറിയിച്ചു.

(4) 2012-19 വരെയുള്ള കാലഘട്ടത്തിൽ വേക്കൻസി റെമിഷൻ അപേക്ഷ പലതവണ പഞ്ചായത്തിൽ സമർപ്പിച്ചെങ്കിലും കെട്ടിട നികുതി ഇനത്തിൽ കുടിശ്ശിക വന്നു എന്ന കാരണത്താൽ അപേക്ഷ നിരസിച്ചതായും വസ്തുനികുതി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് 31.03.2019 വരെ പിഴപ്പലിശ ഒഴിവാക്കി നൽകുന്ന സർക്കാർ ആനുകൂല്യം നിലനിന്ന സാഹചര്യത്തിൽ തുക അടയ്ക്കാൻ തയ്യാറായി അപേക്ഷ സമർപ്പിച്ചെങ്കിലും റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചു കഴിഞ്ഞതിനാൽ പഞ്ചായത്തിന് അപേക്ഷയിൽ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല എന്നും അതിനാൽ ഒരു സ്വാശ്രയ മെഡിക്കൽ കോളേജ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്ഥാപനത്തിന് ന്യായമായി ലഭിക്കേണ്ട വേക്കൻസി റെമിഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം ഉണ്ടാകണമെന്നും അപേക്ഷകൻ അറിയിച്ചു.

(5) 2012-ന് ശേഷം സ്ഥാപനം പൂട്ടിക്കിടക്കുകയായിരുന്നുവെങ്കിലും നിയമാനുസൃത വസ്തു നികുതി ഇനത്തിൽ 2012-13 മുതൽ 2018-19 വരെ 48,57,674/- രൂപയും 16,84,394/- രൂപ പലിശയും സ്ഥാപനം പഞ്ചായത്തിൽ അടവാക്കാനുണ്ടായിരുന്നു. യഥാസമയം തുക അടവാക്കാത്തതിനാൽ 09.03.2019 ന് റവന്യൂ റിക്കവറിക്ക് പഞ്ചായത്ത് നോട്ടീസ് നൽകുകയും അതിനെതിരെ പരാതിക്കാരൻ കോടതിയെ സമീപിക്കുകയും കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാൻ വസ്തു നികുതി കുടിശ്ശികയായ 48,57,674/- രൂപ അടയ്ക്കുകയും അതിനനുസൃതമായി പഞ്ചായത്ത്, കോടതി നിർദ്ദേശാനുസരണം 12.06.2019 മുതൽ 31.03.2019 വരെ താൽക്കാലിക ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം ഒരു കെട്ടിടത്തിന് വസ്തു നികുതി ഇളവ് ചെയ്തു നൽകണമെങ്കിൽ ഓരോ അർദ്ധ വർഷത്തിലും അപേക്ഷ സമർപ്പിക്കേണ്ടതാണ് . സ്ഥാപനം വേക്കൻസി റെമിഷനുള്ള അപേക്ഷ നിയമാനുസൃതം സമർപ്പിച്ചിട്ടില്ല എന്നും വസ്തു നികുതി കുടിശ്ശിക അടയ്ക്കുന്നവർക്ക് 31.03.2019 വരെ പിഴപ്പലിശ ഒഴിവാക്കി നൽകാൻ 08.02.2019 തീയതിയിലെ സ.ഉ(സാധ)നം.273/19/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക അടയ്ക്കാൻ തയ്യാറായി പഞ്ചായത്തിനെ സമീപിച്ചെങ്കിലും റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് ഫയൽ പഞ്ചായത്തിൽ ലഭ്യമല്ലായിരുന്നു എന്നും പുതുശ്ശേരി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

(6) പരാമർശം(3) വിധിന്യായ പ്രകാരം Ext.P6 നെ അടിസ്ഥാനമാക്കി അപേക്ഷകനെയും പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ, വേക്കൻസി റെമിഷനുള്ള അപേക്ഷ കേരള പഞ്ചായത്ത് രാജ്

ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി സമർപ്പിച്ചിട്ടില്ലാത്തതിനാലും 6 വർഷത്തെ വസ്തു നികുതി റവന്യൂ റിക്കവറിയ്ക്കുള്ള നോട്ടീസ് പഞ്ചായത്ത് നൽകിയതിന്മേൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷകൻ അടച്ചത് എന്നതിനാലും ടിയാന്റെ വസ്തു നികുതി കുടിശ്ശികയും പലിശയും ഒഴിവാക്കി നൽകേണ്ടതായി കാണുന്നില്ല.

(7) വേക്കൻസി റെമിഷൻ നൽകണമെന്നും കെട്ടിടനികുതി, പിഴപ്പലിശ എന്നിവ ഒഴിവാക്കി നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് വി.എൻ.പബ്ലിക് ഹെൽത്ത് & എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ സെക്രട്ടറി സമർപ്പിച്ച Ext.P6 നിവേദനത്തിലെ ആവശ്യം പരിഗണനാർഹമല്ല എന്ന് കാണുന്നു. അതിനാൽ Ext.P6 നിവേദന പ്രകാരമുള്ള ആവശ്യം നിരസിച്ചു കൊണ്ടും ഇപ്രകാരം WP(C)No.17385/2019 നമ്പർ കേസിൽ ബഹു. ഹൈക്കോടതി 26.06.2019-ൽ പുറപ്പെടുവിച്ച പരാമർശം(3)ലെ വിധിന്യായം നടപ്പാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മദീന ബീഗം എ**

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്.
വി.എൻ.പബ്ലിക് ഹെൽത്ത് & എഡ്യൂക്കേഷൻ ട്രസ്റ്റ്, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- I / ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി(ആർസി4/157/2019/ തസ്വഭവ

ഉത്തരവിൻ പ്രകാരം

Bindu.T

സെക്ഷൻ ഓഫീസർ